# ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ്
# ആദ്യ ബാച്ച് - പരീക്ഷ, സെപ്റ്റംബർ 2024

## പുനർ മൂല്യനിർണ്ണയ വിജ്ഞാപനം

സ്കോൾ കേരള - നടത്തുന്ന ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സിന്റെ, 2024 സെപ്റ്റംബർ മാസത്തിൽ നടത്തിയ ആദ്യ ബാച്ച് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷിക്കാം. **29.10.2024** മുതൽ **08.11.2024** വരെ നിർദിഷ്ട അപേക്ഷാഫാറത്തിൽ നിശ്ചിത ഫീസ് ഒടുക്കിയ അസൽ ചെലാനും മാർക്ക് ലിസ്റ്റിന്റെ പകർപ്പും സ്ഹിതം പരീക്ഷാകേന്ദ്രം പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.അപേക്ഷ സമർപ്പിക്കേണ്ട വിലാസം സെക്രട്ടറി,ബോർഡ് ഓഫ് ഡി.ഡി.എൻ.സി എക്സാം, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12. അപേക്ഷാഫാറത്തിന്റെ മാതൃക സ്കോൾ കേരള വെബ് സൈറ്റിൽ (www.scolekerala.org)ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 500/- രൂപ, സ്ക്രൂട്ടിണിക്ക് പേപ്പർ ഒന്നിന് 200/- രൂപ, ഫോട്ടോ കോപ്പിക്ക് പേപ്പർ ഒന്നിന് 250/- രൂപയുമാണ് ഫീസ്. പ്രയോഗിക പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം/ സ്ക്രൂട്ടിണി/ഫോട്ടോകോപ്പി എന്നിവ അനുവദിക്കുന്നതല്ല. ഫീസ് ഓൺലൈനായും, ഓഫ്ലൈനായും അടയ്ക്കാവുന്നതാണ്. നിശ്ചിത സമയ പരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല.

ഓഫ്ലൈനായി ഫീസ് അടക്കുന്നതിന്, സ്കോൾ കേരള വെബ്സൈറ്റിലെ 'ജനറേറ്റ് ചെലാൻ' എന്ന ലിങ്കിൽ നിന്നും ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ ജനറേറ്റ് ചെയ്ത് ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് ഒടുക്കാവുന്നതാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012
SCOLE-KERALA

**സെക്രട്ടറി**
ഡി.ഡി.എൻ.സി പരീക്ഷാബോർഡ്
സ്കോൾ കേരള